(എ) കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ പ്രോജക്ട് റിപ്പോർട്ട് എന്ന് തയ്യാറാക്കി; എസ്റ്റിമേറ്റ് തുക എത്രയാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ പഠന റിപ്പോർട്ട് പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച് അംഗീകാരം നേടി പണി ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിനായി 2558 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി രൂപരേഖ ജൂൺ 2005-ൽ തയ്യാറാക്കി.

(ബി) പഠന റിപ്പോർട്ട് പൂർത്തിയായിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുവാൻ കഴിയുന്നതാണ്.

യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾക്കുള്ള ഡീസൽ സബ്സിഡി

150. [150] ശ്രീ. വി. ജെ. പൗലോസ് :

,, കെ. എ. ചന്ദ്രൻ :

,, എം. കെ. പോൾസൺ മാസ്റ്റർ :

,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾക്ക് ഡീസൽ സബ്സിഡി നൽകി വരുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ തോതെത്രയാണ്;

(ബി) അതിനുവേണ്ടി ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിട്ടുണ്ട്; ഇതിന്റെ പ്രയോജനം എത്ര പേർക്ക് കിട്ടുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾക്ക് ഡീസൽ വാങ്ങുന്നതിന് റിബേറ്റ് നൽകുന്ന ഒരു പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം 20 m OAL വരെയുള്ള യന്ത്രവൽകൃത ബോട്ടുകൾക്ക് ഇന്ധന ചെലവ് ഇനത്തിൽ ലിറ്ററിന് 1.50 രൂപ വീതം പ്രതിമാസം 1000 ലിറ്റർ ഡീസലിന് പ്രതിമാസം 1500 രൂപ വീതം 10 മാസം (ആകെ 15000 രൂപ) ഗുണഭോക്താക്കൾക്ക് ഡീസൽ സബ്സിഡി ആനുകൂല്യം നൽകുന്നതാണ്. ട്രോളിംഗ് നിരോധന കാലയളവിൽ ഈ ആനുകൂല്യം ലഭിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2005-06 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിക്കായി 50 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ടി പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ ആദ്യ ഗഡുവായ 2 കോടി രൂപയും രണ്ടാം ഗഡുവായി 45 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. 4020 യന്ത്രവൽകൃത മത്സ്യബന്ധന ബോട്ടുകൾക്ക് ഈ ആനുകൂല്യം ലഭ്യമാകുന്നതാണ്. അതിൻ പ്രകാരം ഏകദേശം 20100 കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

മത്സ്യബന്ധന ബോട്ടുകളിലെ സുരക്ഷാ സംവിധാനങ്ങൾ

151. [151] ശ്രീ. സി. പി. മുഹമ്മദ് :
,, ജി. കാർത്തികേയൻ :
,, എ. കെ. മണി :
,, എം. എം. ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ലും 2006-ൽ ഇതുവരെയും കൊല്ലം, നീണ്ടകര, അഞ്ചുതെങ്ങ്, അഴീക്കൽ, ചെറിയഴീക്കൽ ഭാഗങ്ങളിൽ എത്ര മത്സ്യബന്ധന ബോട്ടുകൾ അപകടത്തിൽപ്പെട്ടു; അപകടങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടു;

(ബി) ഈ ബോട്ടുകളിൽ സുരക്ഷാ സംവിധാനങ്ങൾ ഉണ്ടായിരുന്നുവോ;

(സി) മത്സ്യബന്ധന ബോട്ടുകളിൽ ലൈഫ് ജാക്കറ്റുകൾ, സിഗ്നൽ സംവിധാനങ്ങൾ, വയർലസ് സംവിധാനങ്ങൾ മുതലായ സുരക്ഷാ സംവിധാനങ്ങൾ സമയ ബന്ധിതമായി നടപ്പാക്കാൻ ഏർപ്പാടുണ്ടാക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അഞ്ച് ബോട്ടുകൾ അപകടത്തിൽപ്പെട്ടു, മൂന്നുപേർ മരിച്ചു. മറ്റ് മൂന്ന് പേരെ കാണാതായി.

(ബി) ഇല്ല.

(സി) സുരക്ഷാ സംവിധാനങ്ങൾ ശക്തമാക്കുന്നതിന് കൊല്ലം ജില്ലാ കലക്ടറുടെ നേതിട്ടുള്ള മേൽനോട്ടത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ലൈഫ് ജാക്കറ്റും മറ്റ് ഉപകരണങ്ങളും ബോട്ടുകളിൽ നിർബന്ധമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ എല്ലാ ജില്ലകളിലും സി ഐ എസ് എഫ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് സർക്കാർ അനുമതി കൊടുത്തിട്ടുണ്ട്.

കായൽ പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ

152. [152] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly